**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**
ഡയറക്ടറേറ്റ് (ഹെഡ് ക്വാർട്ടേഴ്സ്)
വഴുതക്കാട്, തിരുവനന്തപുരം-14
ഫോൺ: 0471 2778760/1, ഇ മെയിൽ:soildirector@gmail.com

---

നം.SSSC/2978/2025-FIN2 തീയതി: 05-11-2025

**ക്വട്ടേഷൻ നോട്ടീസ്**

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2025 ഡിസംബർ 5 ന് കനകക്കുന്ന് കൊട്ടാരത്തിലെ ഹാളിൽ വച്ച് നടക്കുന്ന ലോക മണ്ണ് ദിനാഘോഷം നടത്തുന്നതിലേക്ക് ആർച്ചുകൾ സ്ഥാപിക്കുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ഒരു ദിവസത്തെ പരിപാടിയായി നടത്തുന്ന ടി മണ്ണ് ദിനാഘോഷത്തിന് ആർച്ചുകൾ സ്ഥാപിക്കുന്ന പ്രവർത്തി ഏറ്റെടുത്ത് ചെയ്യുവാൻ താൽപര്യമുള്ള അംഗീകൃത വിതരണക്കാർ മണ്ണ് പര്യവേഷണ അഡീഷണൽ ഡയറക്ടർ മുമ്പാകേ സീൽ ചെയ്ത ക്വട്ടേഷനുകൾ 12/11/2025 ഉച്ചയ്ക്ക് 2 മണിക്ക് മുൻപ് നേരിട്ടോ തപാൽ മുഖേനയോ "ഡയറക്ടർ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റ് സെൻട്രൽ പ്ലാസ ബിൽഡിങ്ങ് ഫ്ലോർ നം. 3&4 വഴുതക്കാട്, തൈക്കാട് പി ഒ "എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മുൻപായി കരാറുകാർക്ക് ടി ഓഡിറ്റോഡിയവും പരിസരവും പരിശോധിക്കാവുന്നതാണ്.

ചെയ്യേണ്ട വർക്കുകൾ താഴെ വിവരിച്ചിരിക്കുന്നു.

1. പ്രേവേശന ഗേറ്റിനുമുൻപിൽ ആർച്ച് സ്ഥാപിക്കൽ
2. ഇരുഗേറ്റുകൾക്കും നടുവിൽ വലിയ ആർച്ച് സ്ഥാപിക്കൽ
3. കൊട്ടാരമുറ്റത്ത് ആർച്ച് സ്ഥാപിക്കൽ
4. പ്രചാരണ ബോർഡുകൾ സ്ഥാപിക്കൽ
5. വലിയ പ്രചാരണ ബോർഡ് സ്ഥാപിക്കൽ
6. വേദിയിൽ പോഡിയത്തിന് മുൻപിൽ സ്ഥാപിക്കുവാനുള്ള ബോർഡ്

കവറിനുമുകളിൽ ആർച്ച് വർക്കുകൾ ചെയ്യുന്നതിനു വേണ്ടിയുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ 12/11/2025 വൈകിട്ട് 3 മണിക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന ക്വട്ടേഷൻ

സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്നതിനും തിരസ്കരിക്കുന്നതിനുമുള്ള അധികാരം മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ ഡയറക്ടറിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റുമായി ഓഫീസ് പ്രവർത്തി സമയത്ത് ബന്ധപ്പെടേണ്ടതാണ്.

Signed by Saju K.
Surendran
Date: 05-11-2025 23:08:40

**Saju K Surendran**
**DIRECTOR**